(സി) 2007-08 അനുവദിച്ച അഡീഷണൽ ബാച്ചിലെ സീറ്റുകൾ ഉൾപ്പെടെ 340 സീറ്റുകൾ.

സയൻസ് -110 സീറ്റ്

ഹ്യൂമാനിറ്റീസ് -120 സീറ്റ്

കോമേഴ്സ് -110 സീറ്റ്.

(ഡി) പാലക്കാട് നിയോജകമണ്ഡലത്തിൽ ഇല്ല.

**പുതിയ ഹയർസെക്കണ്ടറി സ്കൂളുകളിലെ തസ്തികകൾ**

**83 (2089)** ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ പുതുതായി അനുവദിച്ച ഹയർ സെക്കണ്ടറി സ്കൂളുകളിൽ പുതുതായി അദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എത്ര അദ്ധ്യാപക തസ്തികകളാണ് സൃഷ്ടിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ;

(സി) ഇല്ലെങ്കിൽ ഇതിനുവേണ്ടിയുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നും നടപടി ഏതുവരെയായി എന്നും വിശദമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) ഹയർസെക്കന്ററി ഡയറക്ടറുടെ വിശദമായ നിർദ്ദേശങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്.

**കൊല്ലംകോട് മണ്ഡലത്തിൽ പ്ലസ്ടു അനുവദിച്ച സ്കൂളുകൾ**

**84 (2090)** ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലംകോട് നിയോജകമണ്ഡലത്തിൽ ഈ സർക്കാരിന്റെ കാലത്ത് ഏതെല്ലാം സ്കൂളുകൾക്കാണ് പ്ലസ്ടു അനുവദിച്ചിട്ടുള്ളത് ; സർക്കാർ എയ്ഡഡ്, അൺഎയ്ഡഡ് സ്കൂളുകളുടെ ലിസ്റ്റ്, തരംതിരിച്ച് വ്യക്തമാക്കുമോ ;

(ബി) എത്ര യു.പി. സ്കൂളുകളെയാണ് അപ്ഗ്രേഡ് ചെയ്ത് ഹൈസ്കൂളാക്കിയത് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) സർക്കാർ ഹൈസ്കൂൾ ഇല്ലാത്ത പഞ്ചായത്തുകളിൽ സർക്കാർ യു.പി. സ്കൂളുകളെ അപ്ഗ്രേഡ് ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) സർക്കാർ സ്കൂൾ - ജി.എച്ച്.എസ്.എസ്. മാറഞ്ചേരി.

എയ്ഡഡ് സ്കൂളുകൾ - എച്ച്.എം.എച്ച്.എസ്.എസ്. അയലൂർ, ആർ. പി.എം. എച്ച്.എസ്.എസ്. പനങ്ങാട്ടിരി, പോളച്ചിറക്കൽ എച്ച്.എസ്.എസ്., വി.ഐ.എം.എച്ച്.എസ്.എസ്. പല്ലശ്ശന.

അൺഎയ്ഡഡ് സ്കൂളുകൾ- സെന്റ് പോൾസ് എച്ച്എസ്എസ് കൊല്ലങ്കോട്

(ബി) ഒന്ന്. (ജി.യു.പി.എസ്., തിരുവാഴിയോട്)

(സി) പരിഗണനയിലില്ല.

**ഹയർ സെക്കണ്ടറി വിദ്യാലയങ്ങളിലെ ലൈബ്രറികൾ കാര്യക്ഷമമാക്കാൻ നടപടി**

**85 (2091)** ശ്രീ. റ്റി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഹയർ സെക്കണ്ടറി വിദ്യാലയങ്ങളിലെ ലൈബ്രറികൾ കാര്യക്ഷമമാക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) സംസ്ഥാനത്തെ ഹയർ സെക്കണ്ടറി വിദ്യാലയങ്ങളിൽ ലൈബ്രേറിയൻ ഗ്രേഡ് -4 തസ്തികകൾ സൃഷ്ടിക്കുന്നതിനും വിദ്യാഭ്യാസ വകുപ്പിലെ യോഗ്യതയുള്ള ജീവനക്കാരെ പ്രൊമോഷൻ നൽകി പ്രസ്തുത തസ്തികയിലേക്ക് നിയമനം നടത്തുവാനും നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) എല്ലാ ഹയർ സെക്കണ്ടറി സ്കൂളുകളിലും ഒരു ജൂനിയർ അദ്ധ്യാപകനെ ലൈബ്രറിയുടെ ചുമതല ഏൽപ്പിച്ചിട്ടുണ്ട്.

(ബി) പരിഗണനയിലില്ല.

**പ്ലസ് ടു പരീക്ഷയിലെ പുതിയ വ്യവസ്ഥ റദ്ദാക്കാൻ നടപടി**

**86 (2092)** ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്ലസ് ടു പരീക്ഷയിൽ ഒരു പേപ്പറിനു തോറ്റാൽ പ്ലസ് വൺ പരീക്ഷയുൾപ്പെടെ വീണ്ടും എഴുതണമെന്ന വ്യവസ്ഥ നിലവിലുണ്ടോ ;

(ബി) ഇത് സംബന്ധിച്ച് മുൻകാലത്ത് നിലനിന്നിരുന്ന വ്യവസ്ഥ എന്തായിരുന്നു എന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly